## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5904** **25-03-2025 - ൽ മറുപടിയ്ക്ക്**

## കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി മേഖല പ്രതിസന്ധിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലെ പ്രതിസന്ധികളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കാൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും, പ്രസ്തുത സമിതി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും, ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയും ചെയ്യുന്നു. കൈത്തറി ഉൽപ്പന്നങ്ങൾക്കായുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് നൂലിന്റെ വിലവർദ്ധന എന്നിവ കാരണം ഉത്പന്നങ്ങളിലെ വിലവർദ്ധനവിനും തന്മൂലം മേഖലയിൽ പ്രതിസന്ധിയ്ക്കും കാരണമാകുന്നു. കൂടാതെ, പവർലൂം ഉത്പന്നങ്ങൾ കൈത്തറി ഉൽപ്പന്നങ്ങൾ എന്ന വ്യാജേന വില്ക്കപ്പെടുന്നതും മേഖല നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളിയാണ്. കൈത്തറി ഉൽപന്നങ്ങളിൽ ചുമത്തിയിട്ടുള്ള ജി.എസ്.ടി ഉപഭോക്താക്കൾക്ക് സാമ്പത്തിക ഭാരം കൂട്ടുകയും കൈത്തറി വിപണിയെ ദോഷമായി ബാധിക്കുകയും ചെയ്യുന്നു. |
| (ബി) | കൈത്തറി മേഖലയിൽ പണിയെടുക്കുന്നവർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനും വിപണനത്തിനും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ? | (ബി) | കൈത്തറി മേഖലയിൽ പണിയെടുക്കുന്നവർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനായി യാൺ ബാങ്കുകൾക്ക് കഴി നൂൽ സബ്സിഡി, ചായം, രാസവസ്തുക്കൾ വാങ്ങുന്നതിനുള്ള സബ്സിഡി, മാർജിൻ മണി വായ്പ എന്നിവ നൽകിവരുന്നു.<br><br>**<u>1. കഴിനൂൽ സബ്സിഡി</u>**<br><br>നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുവായ നൂൽ ഹാന്റെക്സ് , ഹാൻവീവ് , മറ്റു സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴി ന്യായമായ വിലക്ക് യഥാസമയം ലഭ്യമാക്കു ന്നതിനുള്ള പദ്ധതിയാണിത്. യാൺ ബാങ്കുകൾ വാങ്ങി സബ്സിഡി നിരക്കിൽ |

കൈത്തറി സഹകരണ സംഘങ്ങൾക്ക്/ നെയ്ത്തുകാർക്ക് വിതരണം നടത്തിയ നൂലിനാണ് സബ്സിഡി അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം എല്ലാ കൗണ്ടിലുംപെട്ട കോട്ടൺ നൂലുകൾക്കും സബ്സിഡിക്ക് അർഹമാണ്.

**2. ചായം രാസപദാർത്ഥങ്ങൾ എന്നിവക്കുള്ള സബ്സിഡി**

നെയ്ത്തുകാർക്കു ഗുണമേന്മയുള്ള അസംസ്കൃത വസ്തുവായ ചായം, രാസപദാർത്ഥങ്ങൾ എന്നിവ ഹാന്റെക്സ്, ഹാൻവീവ്, മറ്റു സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴി ന്യായമായ വിലക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. യാൺ ബാങ്കുകൾ വാങ്ങി സബ്സിഡി നിരക്കിൽ കൈത്തറി സഹകരണ സംഘങ്ങൾക്ക്/ നെയ്ത്തുകാർക്ക് വിതരണം നടത്തിയ ചായം, രാസപദാർത്ഥങ്ങൾ എന്നിവക്കാണ് സബ്സിഡി അനുവദിക്കുന്നത്.

**3. ഗുണമേന്മയുള്ള അസംസ്കൃത വസ്തു ക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ**

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലക്ക് യഥാസമയം നെയ്ത്തുകാർക്കു ലഭ്യമാക്കുന്നതിനായിട്ടാണ് മാർജിൻ മണി വായ്പ പദ്ധതി. ഹാന്റെക്സ്, ഹാൻവീവ് മറ്റു സഹകരണ യാൺ ബാങ്കുകൾ എന്നിവ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. യാൺ ബാങ്കുകൾക്ക് നൂൽ, മറ്റു അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങി പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിന് പ്രവർത്തന മൂലധനമായിട്ടാണ് മാർജിൻ മണി വായ്പ അനുവദിക്കുന്നത്.

<u>കൈത്തറി മേഖലയിൽ വിപണന സഹായത്തിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.</u>

**1. എക്സിബിഷൻ ഗ്രാന്റ്**

കേരളത്തിനകത്തും പുറത്തുമുള്ള കൈത്തറി എക്സിബിഷനുകളിൽ പങ്കെടുക്കുന്നതിന് കൈത്തറി സഹകരണ സംഘങ്ങൾക്ക് കേരളത്തിനകത്ത് പരമാവധി 10,000/- രൂപയോ, വില്പന തുകയുടെ 10% മോ, ചെലവായ തുകയോ ഏതാണോ കുറവ് അത് ഗ്രാന്റായി അനുവദിക്കുന്നു. കേരളത്തിന് പുറത്ത് പരമാവധി 15,000/- രൂപയോ, വില്പന തുകയുടെ 10% മോ, ചെലവായ തുകയോ ഏതാണോ കുറവ് അത് ഗ്രാന്റായി അനുവദിക്കുന്നു.

ഹാൻ്റക്സ്/ഹാൻവീവ് എന്നിവർക്ക് കേരളത്തിനകത്ത് പരമാവധി 30,000/- രൂപയോ, വില്പന തുകയുടെ 10% മോ, ചെലവായ തുകയോ ഏതാണോ കുറവ് അത് ഗ്രാന്റായി അനുവദിക്കുന്നു. കേരളത്തിന് പുറത്ത് 40,000/- രൂപയോ, വില്പന തുകയുടെ 10% മോ, ചെലവായ തുകയോ, ഏതാണോ കുറവ് അത് ഗ്രാന്റായി അനുവദിക്കുന്നു.

**2.കയറ്റുമതി പ്രോത്സാഹന പദ്ധതി**

കൈത്തറി ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കൈത്തറി സഹകരണ സംഘങ്ങൾക്ക് വിദേശത്തേക്ക് കയറ്റുമതി ചെയ്ത ഉത്പന്നങ്ങളുടെ വിലയുടെ 20% പരമാവധി 20 ലക്ഷം രൂപ വരെ പ്രതിവർഷം സബ്സിഡിയായി അനുവദിക്കുന്നു.

**3.സംസ്ഥാനതല കൈത്തറി മേള**

കേരളത്തിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാന്റെക്സ്, ഹാൻവീവ് എന്നിവയ്ക്കും സഹായം നൽകികൊണ്ട് കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

കൂടാതെ, പ്രാഥമിക സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഹാന്റക്സ് സംഭരിക്കുകയും അവ ഹാന്റക്സിന്റെ കേരളത്തിലുടനീളമുള്ള വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്. ഇത് കൂടാതെ ഓൺലൈൻ വിപണികളായ ആമസോൺ, കെ-ഷോപ്പി തുടങ്ങി ഓൺ ലൈൻ സൈറ്റുകളിലും വിൽപ്പന നടത്തി വരുന്നു.

**4. റിബേറ്റ് പദ്ധതി**

ഉത്സവ സീസണുകൾ/സ്കൂൾ യൂണിഫോം വില്പന കാലയളവിൽ സർക്കാർ മുൻകൂട്ടി അനുവദിച്ച ദിവസങ്ങളിൽ/നിരക്കിൽ പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവർ നിബന്ധനകൾക്ക് വിധേയമായി നടത്തുന്ന വില്പനയിൽ റിബേറ്റ് അനുവദിക്കുകയും പ്രസ്തുത റിബേറ്റ് തുക സർക്കാർ തിരിച്ച് സംഘങ്ങൾക്ക് നൽകുകയും ചെയ്യുന്ന റിബേറ്റ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

**5. മാർക്കറ്റിംഗ് ഇൻസെന്റീവ്**

| | | | |
|---|---|---|---|
| | | | കൈത്തറി മേഖലയുടെ സമഗ്രവികസനത്തിന് നടപ്പിലാക്കി വരുന്ന ദേശീയ കൈത്തറി വികസന പദ്ധതി (NHDP)യുടെ ഒരു ഘടകമാണ് മാർക്കറ്റിംഗ് ഇൻസെന്റീവ്. കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, അപെക്സ് സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ഓരോ സാമ്പത്തിക വർഷവും അപേക്ഷിക്കുന്ന കാലയളവിന് മുൻപുള്ള 3 വർഷത്തെ ശരാശരി വില്പനയുടെ 5 % സംസ്ഥാന വിഹിതമായും 5 % കേന്ദ്ര വിഹിതമായും ആകെ 10 % തുക ലഭ്യമാക്കുന്ന പദ്ധതിയാണ് മാർക്കറ്റിംഗ് ഇൻസെന്റീവ് .<br><br>**6.'ക' ബ്രാൻഡിംഗ്**<br><br>മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള കൈത്തറി ബ്രാൻഡിംഗ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുവേണ്ടി 'ക' എന്ന ഒരു ലോഗോ പ്രകാശനം ചെയ്യുകയുണ്ടായി. ഇത്തരത്തിൽ കേരളത്തിലെ കൈത്തറി മേഖലയിൽ ഉല്പാദിപ്പിക്കുന്ന എല്ലാ തുണിത്തരങ്ങളും ബ്രാൻഡ് ചെയ്യുന്നതിന് വേണ്ടിയുള്ള രജിസ്ട്രേഷൻ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ